# Siraj
# 31 July 2018
# Idukki Dam, Water Level , Orange Alert



# ഇടുക്കിയിൽ ഓറഞ്ച് അലർട്ട്

- ജലനിരപ്പ് 2395 അടിയിൽ
- 2397 ൽ എത്തിയാൽ റെഡ് അലർട്ട്
- വീണ്ടും ഉയർന്നാൽ മുന്നറിയിപ്പോടെ ഷട്ടർ തുറക്കും

ആശിഖ് ലബ്ബ
താടുപുഴ

ടുക്കി അണക്കെട്ടിലെ ജല
ിരപ്പ് 2395 അടി ആയതിനെ
ുടർന്ന് ഓറഞ്ച് അലർട്ട് പ്ര
്യാപിച്ചു. രാത്രി ഒമ്പത് മണി
യാടെയാണ് ജലനിരപ്പ് ര
ഭാം ജാഗ്രതാ നിർദേശമായ
ാറഞ്ച് അലർട്ടിലേക്ക് എ
ത്തിയത്. രാത്രി എട്ട് മണിക്ക്
94.96 അടിയായിരുന്നു ജല
ിരപ്പ്. ഏഴിന് 2394.92, വൈ
ീട്ട് ആറിന് 2394.90, അഞ്ചി
2394.86 അടി എന്നിങ്ങനെ
ായിരുന്നു ജലനിരപ്പ്. ഇന്ന
ല രാവിലെ ഏഴിന് 2394.72
യിരുന്ന ജലനിരപ്പ് ക്രമേ
ഉയരുകയായിരുന്നു.

2397 അടിയിലെത്തുമ്പോൾ റെഡ് അലർട്ട് പ്രഖ്യാപിക്കും. ഇതോടെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കാനുള്ള നടപടി തുടങ്ങും. ഇടുക്കി ജലനിരപ്പ് ജൂലൈയിൽ ഈ നിലയിലെത്തുന്നത് അണക്കെട്ടിന്റെ ചരിത്രത്തിൽ ആദ്യമാണ്. 2013 സെപ്തംബർ 22ന് 2401.7 അടി വരെ ജലനിരപ്പ് എത്തിയിരുന്നെങ്കിലും തുറന്നു വിട്ടിരുന്നില്ല. ഇക്കുറി മുല്ലപ്പെരിയാർ ജലനിരപ്പ് 136 അടിയോട് എത്തി നിൽക്കുന്നതാണ് ആശങ്ക ഉണർത്തുന്നത്. ജലനിരപ്പ് 142 അടിയിലെത്തിയാൽ മുല്ലപ്പെരിയാറിൽ നിന്ന് വെള്ളം പെരിയാർ വഴി ഇടുക്കി ഡാമിലെത്തും. മുല്ലപ്പെരിയാർ ജലനിരപ്പ് 142 അടിയാക്കിക്കൊണ്ടുള്ള സുപ്രീം കോടതി വിധിക്ക് മുമ്പായിരുന്നെങ്കിൽ 136 അടിയിൽ തന്നെ വെള്ളം ഇടുക്കിയിലേക്ക് ഒഴുകിയേനെ. പദ്ധതിയുടെ മൂലമറ്റം പവർ ഹൗസിൽ ശേഷിയുടെ പരമാവധി വൈദ്യുതി ഉത്പാദനമാണ് ഇന്നലെ ഉണ്ടായത്. 15.015 ദശലക്ഷം യൂനിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിച്ചത്. 130 മെഗാവാട്ട് വീതം ശേഷിയുള്ള അഞ്ച് ജനറേറ്ററുകൾ പ്രവർത്തിക്കുമ്പോൾ പരമാവധി ഉത്പാദിപ്പിക്കാൻ കഴിയുന്നത് 15.6 ദശലക്ഷം യൂനിറ്റാണ്. സമീപകാല ചരിത്രത്തിലെ ഉയർന്ന ഉത്പാദനമാണ് ഇന്നലത്തേത്. അണക്കെട്ടിലേക്ക് 35.19 ദശലക്ഷം യൂനിറ്റിനുള്ള വെള്ളം ഒഴുകിയെത്തി. 1.82 സെ. മീ. മഴയാണ് ഇന്നലെ രാവിലെ ഏഴിന് അവസാനിച്ച 24 മണിക്കൂറിൽ പദ്ധതി പ്രദേശത്ത് രേഖപ്പെടുത്തിയത്. പകൽ മഴ ശക്തിപ്പെടുകയും ചെയ്തു.

ദേശീയ ദുരന്തപ്രതികരണ സേനയുടെ ഒരു സംഘത്തെ ആലുവയിൽ വിന്യസിച്ചു. ഒരു സംഘം ഇന്നലെ രാത്രി ഇടുക്കിയിലെത്തി. മറ്റൊരു സംഘം തൃശൂരിൽ തയ്യാറാണ്. കര, നാവിക, വ്യോമ സേനകളുടെയും തീരസേനയുടെയും സഹായം സംസ്ഥാന സർക്കാർ തേടി. വ്യോമസേനയുടെ രണ്ട് ഹെലികോപ്റ്ററുകളും നാല് കമ്പനി കരസേനയും രക്ഷാപ്രവർത്തനത്തിനു തയ്യാറാണ്. എറണാകുളം ജില്ലയിൽ ആവശ്യമെങ്കിൽ ഉപയോഗിക്കാൻ തീരസേനയുടെ ബോട്ടുകളും തയ്യാറായിട്ടുണ്ട്.

ഡാമിലെ വെള്ളം തുറന്നുവിടേണ്ടിവരുന്ന ഘട്ടത്തിൽ നാല് പഞ്ചായത്തുകളിലായി വീടുകളും സ്ഥാപനങ്ങളും ഉൾപ്പെടെ 200 കെട്ടിടങ്ങളെയാണ് ബാധിക്കുകയെന്ന് ജില്ലാ കലക്ടർ ജീവൻ ബാബു കെ വ്യക്തമാക്കി. വെള്ളം തുറന്നു വിടുന്ന ഘട്ടത്തിൽ പുഴയുടെ തീരത്തിനടുത്തുള്ള 40 വീടുകളെയാണ് പെട്ടെന്ന് ബാധിക്കുക. ഈ വീടുകൾ ഉൾപ്പെടെ ഡാം തുറക്കുകയാണെങ്കിൽ ബാധിക്കുന്ന സ്ഥലത്തെ സ്ഥാപനങ്ങളിലും വീടുകളിലും ഉദ്യോഗസ്ഥരെത്തി ബോധവത്കരണ നോട്ടീസുകളും നിർദേശങ്ങളും നൽകി.

നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ല. ഡാം ട്രയൽ റൺ നടത്തുന്ന ദിവസവും സമയവും ഇതുവരെ തീരുമാനിച്ചിട്ടില്ല. ഇത്തരമൊരു തീരുമാനം ഉണ്ടാകുന്ന ഘട്ടത്തിൽ ജനങ്ങളെ മുൻകൂട്ടി അറിയിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കൂ എന്നും പന്ത്രണ്ട് മണിക്കൂർ മുമ്പ് അറിയിപ്പ് നൽകുമെന്നും കലക്ടർ പറഞ്ഞു. ഇടുക്കിയിൽ മാത്രമല്ല എറണാകുളം ജില്ലയിലും ഒരുക്കങ്ങൾ നടത്തേണ്ടതുണ്ട്. ഓറഞ്ച് അലർട്ട് പ്രോട്ടോക്കോളിന്റെ ഭാഗമായുള്ള സ്റ്റാന്റേർഡ് ഓപ്പറേഷൻ പ്രാക്ടീസാണ്. ഓറഞ്ച് അലർട്ട് പ്രഖ്യാപിക്കുന്നത് ഒരറിയിപ്പ് മാത്രമാണെന്നും അതിൽ ആ